ത്തർക്കും വീതിച്ചുകൊടുത്തിട്ടുള്ള അസസ്മെന്റ് തീർപ്പാക്കിയതിന്റെ പുരോഗതി വിലയിരുത്തുകയും തീർപ്പാക്കാത്ത അസസ്മെന്റുകൾ ഉടൻതന്നെ പൂർണ്ണമായി തീർപ്പാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യാറുണ്ട്.

(ഇ) 1997-98-ൽ വില്പനനികുതിയുടെ 1,32,285 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. കാർഷികാദായ നികുതിയുടെ 15.934 കേസ്സുകളും തീർപ്പാക്കിയിട്ടുണ്ട്. 1998-99 വർഷത്തെ വിവരം ശേഖരിച്ചു വരുന്നു.

15 (1464) വിൽപ്പന നികുതി വെട്ടിപ്പ്

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി ഉദ്യോഗസ്ഥർ നടത്തുന്ന കട പരിശോധന വ്യാപാരികൾ തടസ്സപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പരിശോധന നടത്തിയ കടകളിൽ നികുതി വെട്ടിപ്പ് നടന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 50,000 രൂപയ്ക്കുമേൽ നികുതിവെട്ടിപ്പ് നടന്നതായി കണ്ടുപിടിക്കപ്പെട്ട എത്ര കേസുകൾ ഉണ്ട്;

(ഇ) വ്യാപാരി വ്യവസായി ഏകോപനസമിതിയുടെ ആഹ്വാനപ്രകാരം 1996 മുതൽ സംസ്ഥാന വ്യാപകമായി എത്ര തവണ കടയടപ്പ് സമരം നടന്നിട്ടുണ്ട്?

ഉത്തരം

(എ) കട പരിശോധന തടസ്സപ്പെടുത്താൻ ശ്രമിച്ച ഏതാനും സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് 20.5.96 മുതൽ 31.3.99 വരെ 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1998-99 വർഷകാലയളവിൽ 50,000 രൂപയ്ക്കുമേൽ 46 കേസ്സുകളിൽ നികുതി വെട്ടിപ്പ് നടന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

(ഇ) മൂന്നുതവണ കടയടപ്പ് സമരം നടന്നിട്ടുണ്ട്.

16 (1465) നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ആനുകൂല്യങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും വിൽപ്പനനികുതിയിനത്തിൽ വരുത്തിയിരിക്കുന്ന കുടിശ്ശിക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly